## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-അയൽസഭകളേയും വാർഡ് വികസന സമിതികളേയും ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(എം.എസ്)നം.218 /2015/തസ്വഭവ. തിരുവനന്തപുരം, തീയതി, **03.07.2015**

---

പരാമർശം:-(1) സ.ഉ(എം.എസ്) നം.362/13/തസ്വഭവ തീയതി 16.11.2013.
(2) സ.ഉ(എം.എസ്) നം.112/14/തസ്വഭവ തീയതി 25.06. 2014.
(3) സർക്കുലർ നം.55247/ഐ.എ1/14/തസ്വഭവ തീയതി 06.02.2015.
(4) 13.05.2015 ന് ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.20 നമ്പർ തീരുമാനം.

## ഉത്തരവ്

പരാമർശം (2) ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും അയൽസഭകൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (4) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അയൽസഭകളേയും വാർഡ് വികസന സമിതികളേയും ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടുതൽ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് പദ്ധതി രൂപീകരണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, പദ്ധതി നടത്തിപ്പിലെ പങ്കാളിത്തം എന്നീ മൂന്നു തരം പ്രവർത്തനങ്ങളാണ് താഴെ തട്ടിലെ അയൽ സഭകൾക്ക് അവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന വാർഡ് വികസന സമിതിയ്ക്ക് നൽകാൻ കഴിയുന്നത്. വാർഡിലെ ജനപ്രതിനിധിയായ പഞ്ചായത്ത് മെമ്പറുടെ പൂർണ്ണമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും അടിസ്ഥാന അധികാര കേന്ദ്രമായ ഗ്രാമസഭയുടെ അംഗീകാരത്തോടെയുമായിരിക്കണം ഇതു നടപ്പാക്കേണ്ടത്.

**1.പദ്ധതി രൂപീകരണം.**

നിലവിലെ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ പങ്കാളിത്ത സ്വഭാവത്തോടെ പുന:സംഘടിപ്പിക്കേണ്ടതാണ്. അയൽ സഭകളിൽ നിന്നും 2 വീതം അംഗങ്ങളും ഗ്രാമസഭ നേരിട്ടു തെരഞ്ഞെടുക്കുന്ന അംഗങ്ങളും ഉൾപ്പെട്ടതാണ് വാർഡ് വികസന സമിതി. വാർഡ് വികസന സമിതിയിൽ നിന്നും 13 വർക്കിംഗ് ഗ്രൂപ്പിലേയ്ക്കും ഓരോ അംഗത്തെ വീതം വാർഡ് വികസന സമിതി നോമിനേറ്റ് ചെയ്യേണ്ടതാണ്. അതത് മേഖലകളിൽ പ്രാവീണ്യമുള്ളവരെ നിയോഗിക്കുന്നതായിരിക്കും ഉത്തമം. ഇത്തരത്തിൽ നിയോഗിക്കപ്പെടുമ്പോൾ 15 വാർഡുള്ള ഒരു ഗ്രാമപഞ്ചായത്തിന്റെ ഒരു വർക്കിംഗ് ഗ്രൂപ്പിൽ 15 അംഗങ്ങൾ ഉൾപ്പെട്ടു വരും. എസ്.സി/എസ്.റ്റി/വനിത അംഗങ്ങളുടെ കുറവ് വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്ന പക്ഷം പഞ്ചായത്ത് കമ്മിറ്റിക്ക് നോമിനേറ്റ് ചെയ്യാവുന്നതാണ്.

ഒരു വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി മുൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഒരു സംക്ഷിപ്ത വിവരം ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് അയൽസഭകളിലേയ്ക്ക് ചർച്ചയ്ക്ക് അയയ്ക്കേണ്ടതും അവയുടെ അഭിപ്രായങ്ങളും പുതിയ പദ്ധതി നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പുകൾ കണക്കിലെടുക്കുകയും വേണം. പ്രോജക്ടുകളുടെ സംക്ഷിപ്ത വിവരം നൽകുന്നതിനുള്ള ഫോർമാറ്റ് അനുബന്ധം-എ, അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു. ഈ ഫോറം 'സുലേഖ' സോഫ്റ്റ് വെയറിൽ നിന്നും ജനറേറ്റ് ചെയ്യേണ്ടതാണ്. പുതിയ പദ്ധതി നിർദ്ദേശങ്ങൾ അയൽസഭാ സമിതികൾ വാർഡ് വികസന സമിതിക്ക് സമർപ്പിക്കേണ്ടത് നിശ്ചിത ഫാറത്തിലായിരിക്കണം. ഈ ഫാറം അനുബന്ധം-സി ആയി ചേർത്തിരിക്കുന്നു.

ഇപ്രകാരം അയൽസഭകളിൽ നിന്നും വരുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ് വികസന സമിതി വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കേണ്ടതും വാർഡിന്റെ പൊതു ആവശ്യങ്ങൾ കൂടി ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധി ആയത് വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിക്കേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ വാർഡുതല നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതും പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പ് ഉപസമിതി പഞ്ചായത്ത് തല പദ്ധതിയുടെ കരട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

ഇപ്രകാരം കരട് പദ്ധതി രേഖയിലെ പ്രോജക്ട് നിർദ്ദേശങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയത് (അനുബന്ധം-ഡി) ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

## 2.ഗുണഭോക്തൃ തിരഞ്ഞെടുപ്പ്.

ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യപ്പെടുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും സാമ്പത്തിക സഹായങ്ങൾക്കുമുള്ള അപേക്ഷകൾ ഗ്രാമകേന്ദ്രം വഴിയായിരിക്കണം സമർപ്പിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഗ്രാമ സേവാകേന്ദ്രം ഫെസിലിറ്റേറ്റർ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഫെസിലിറ്റേറ്റർ പഞ്ചായത്ത് സെക്രട്ടറിക്ക് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ കൈമാറേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖാന്തിരം അർഹതാ പരിശോധന നടത്തി രണ്ടാഴ്ചയ്ക്കകം പഞ്ചായത്ത് സെക്രട്ടറി ഫെസിലിറ്റേറ്റർക്ക് അപേക്ഷകൾ തിരികെ നൽകേണ്ടതും അപേക്ഷകൾ, ഫെസിലിറ്റേറ്റർ ആയത് ബന്ധപ്പെട്ട അയൽസഭാ സമിതിക്ക് പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

അയൽസഭാ നിർവ്വാഹക സമിതി യോഗം ചേർന്ന് അർഹതയുള്ള അപേക്ഷകളുടെ മുൻ ഗണനാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഓരോന്നിലും വ്യക്തമായ ശുപാർശ സമർപ്പി ക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ഒരാഴ്ചയ്ക്കകം വ്യക്തമായ ശുപാർശ സഹിതം അയൽസഭാ നിർവ്വാഹക സമിതി തിരികെ വാർഡ് വികസന സമിതിക്ക് നൽകേണ്ടതാണ്. വാർഡ് മെമ്പറുടെ അദ്ധ്യക്ഷ തയിൽ കൂടുന്ന വാർഡ് വികസന സമിതി മുൻഗണനാ മാനദണ്ഡങ്ങൾക്ക് മാർക്ക് നൽകി കരട് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇപ്രകാരം തയ്യാറാക്കുന്ന കരട് ലിസ്റ്റ് അംഗീകാരത്തിനായി ഗ്രാമസഭ യിൽ വയ്ക്കേണ്ടതുമാണ്. പെൻഷൻ തുടങ്ങി ആനുകൂല്യങ്ങൾ ക്കായി ലഭിക്കുന്ന അപേക്ഷകൾ അയൽസഭ പരിശോധിച്ച് തിരികെ ലഭിച്ചത് വാർഡ് വികസന സമിതിയുടെ അഭിപ്രായക്കുറിപ്പോടെ പഞ്ചായത്തിന് തിരികെ നൽകേണ്ടതുമാണ്.

ഗ്രാമസഭ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ പൂർത്തീകരിച്ചാൽ ഉടൻതന്നെ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതും, ആയത് ഗ്രാമകേന്ദ്രത്തിൽ പരസ്യപ്പെടുത്തേണ്ടതുമാണ്. അർഹതാ പരിശോധനയിൽ നിരസിക്കപ്പെടുന്ന അപേക്ഷകളുടെ വിവരം പഞ്ചായത്ത് സെക്രട്ടറി അപേക്ഷകനെ ഫെസിലിറ്റേറ്റർ മുഖേന അറിയിക്കേണ്ടതാണ്.

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടി ക്രമങ്ങൾക്ക് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കും

സ.ഉ (എം.എസ്) 362/2013/തസ്വഭവ തീയതി 16.11.2013 ഉത്തരവിലെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച് അനുബന്ധം 16 ഖണ്ഡിക 7.18 ഇതനുസരിച്ചുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

## 3.പദ്ധതി നടത്തിപ്പിലെ പങ്കാളിത്തം

അന്തിമ പദ്ധതി രേഖ ഗ്രാമകേന്ദ്രത്തിൽ പ്രസിദ്ധീകരിക്കേണ്ടതും അംഗീകരിച്ച് പ്രോജക്ട് ലിസ്റ്റ് അയൽസഭകൾക്ക് നൽകേണ്ടതുമാണ്.

ഓരോ വാർഡിലേയും അയൽസഭ സമിതിയുടെ പരിധിയിൽ നടത്തപ്പെടുന്ന പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ ഇംപ്ലിമെന്റിംഗ് ഓഫീസർ ബന്ധപ്പെട്ട വാർഡു മെമ്പർ വഴി വാർഡ് വികസന സമിതിയെയും, വാർഡ് വികസന സമിതികൾ ബന്ധപ്പെട്ട അയൽസഭ നിർവ്വാഹക സമിതിയെയും അറിയിക്കേണ്ടതാണ്. അയൽസഭ സമിതിയുടെ പ്രദേശത്ത് നടത്തപ്പെടുന്ന എല്ലാ പ്രോജക്ടുകളുടേയും മോണിറ്ററിംഗ് ചുമതല അയൽസഭ നിർവ്വാഹക സമിതിക്കായിരിക്കും.

അയൽസഭ നിർവ്വാഹക സമിതി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വാർഡ് വികസന സമിതിക്ക് നൽകേണ്ടതും വാർഡ് വികസന സമിതി മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടു തലത്തിൽ ക്രോഡീകരിച്ച് വാർഡു മെമ്പർ വഴി ഇംപ്ലിമെന്റിംഗ് ആഫീസർക്ക് നൽകേണ്ടതുമാണ്.

ടെണ്ടർ ചെയ്യുന്നതുൾപ്പടെയുള്ള എല്ലാ മരാമത്ത് പ്രവൃത്തികളുടേയും പ്രോജക്ടുകളുടേയും മോണിറ്ററിംഗ് അതത് അയൽസഭാ നിർവ്വാഹക സമിതികൾ നടത്തേണ്ടതാണ്. ഒരു പ്രോജക്ട് ഒന്നിൽ കൂടുതൽ അയൽസഭകളുടെ പ്രദേശത്ത് നടപ്പാക്കപ്പെടുന്നതാണെങ്കിൽ വാർഡു മെമ്പറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട അയൽസഭാ നിർവ്വാഹക സമിതികളുടെ ഒരു സമ്പൂർണ്ണ യോഗം വിളിച്ചു ചേർക്കുകയും 11-ൽ കവിയാത്ത അംഗങ്ങൾ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

നിലവിലെ ഉത്തരവു പ്രകാരം 5 ലക്ഷം രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്താവുന്നതാണ്. നിയമാനുസരണം രൂപീകരിച്ച് പ്രവർത്തിക്കുന്ന അയൽസഭാ നിർവ്വാഹക സമിതിയെയായിരിക്കണം ഗുണഭോക്തൃ സമിതിയായി നിശ്ചയിക്കേണ്ടതാണ്.

ഒരു മരാമത്ത് പണി ഒന്നിലേറെ അയൽസഭകളുടെ പരിധിയിൽ വരുന്ന പക്ഷം പ്രസ്തുത അയൽസഭകളുടെ നിർവ്വാഹക സമിതികളുടെ ഒരു സംയുക്ത യോഗം വാർഡു മെമ്പർ വിളിച്ചു ചേർക്കേണ്ടതും അവരിൽ നിന്നും 11-ൽ കവിയാത്ത അംഗങ്ങളുള്ള ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടതുമാണ്. ഈ ഉത്തരവ് തീയതി മുതൽ ത്രിതല പഞ്ചായത്തുകൾ ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന എല്ലാ മരാമത്ത് പണികളും മേൽ പറഞ്ഞ പ്രകാരം രൂപീകരിക്കുന്ന ഗുണഭോക്തൃ സമിതി വഴി മാത്രമേ നടപ്പാക്കാൻ പാടുള്ളൂ.

മരാമത്ത് പണികളുടെ എസ്റ്റിമേറ്റും നടത്തിപ്പ് രീതിയും അയൽസഭകളുടെ സമ്പൂർണ്ണ യോഗം വിളിച്ചു ചേർത്ത് അവതരിപ്പിക്കേണ്ടതാണ്.

**സംയോജനം.**

വാർഡ് വികസന സമിതിയും ചെയർമാൻ എന്ന നിലയിൽ വാർഡു മെമ്പറും വാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. വാർഡ് വികസന സമിതികളുടെ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കാൻ മെമ്പറെ സഹായിക്കുന്ന രണ്ട് പ്രമുഖ വ്യക്തികൾ വാർഡ് വികസന സമിതി കൺവീനറും, ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്ററുമായിരിക്കും. അയൽസഭകൾ കൃത്യമായി പ്രവർത്തിക്കുന്നുവെന്നും, ഗ്രാമപഞ്ചായത്ത്/ഗ്രാമകേന്ദ്രം എന്നിവിടങ്ങളിൽ നിന്നും, നിർദ്ദേശങ്ങൾ വിവരങ്ങൾ, അറിയിപ്പുകൾ എന്നിവ അയൽസഭകളിൽ എത്തുന്നുവെന്നും, അതുപോലെ തന്നെ അയൽസഭകളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും വാർഡ് വികസന സമിതിയിൽ എത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടത് വാർഡ് മെമ്പർ ഉൾപ്പെടുന്ന മൂന്നംഗ സംഘമാണ്.

വാർഡ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ചുമതല പഞ്ചായത്ത് പ്രസിഡന്റും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും സെക്രട്ടറിയും ഉൾപ്പെടുന്ന സ്റ്റിയറിംഗ് കമ്മിറ്റിക്കായിരിക്കണം. ഓരോ രണ്ടു മാസം കൂടുമ്പോഴും കൃത്യമായ ഒരു ദിവസം വാർഡ് മെമ്പർമാർ, കൺവീനർമാർ ഫെസിലിറ്റേറ്റർമാർ എന്നിവരുടെ ഒരു യോഗം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിച്ച് ചേർക്കണം. പ്രസിഡന്റ് ഇതിന്റെ അദ്ധ്യക്ഷനായിരിക്കും. കാര്യപരിപാടികൾ അവതരിപ്പിക്കാനും, യോഗത്തിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്താനും സെക്രട്ടറിയ്ക്ക് അധികാരവും ചുമതലയുമുണ്ടായിരിക്കും.

പദ്ധതി പ്രവർത്തനങ്ങൾക്കു പുറമേ, ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരിക മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പഞ്ചായത്തിന്റെ അഭിപ്രായം രൂപീകരിക്കാനും, ഇടപെടലുകൾ നിർണ്ണയിക്കാനും യോഗത്തിന് കഴിയേണ്ടതാണ്.

പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സമാനമായി വാർഡുതലത്തിൽ വാർഡ് വികസന സമിതി അംഗങ്ങളെയും വിവിധ വകുപ്പുദ്യോഗസ്ഥരേയും കൂട്ടിയോജിപ്പിച്ച് വാർഡ് തലത്തിലും സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതും അത്തരം സമിതികളുടെ പഞ്ചായത്ത് തല ഏകോപനം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് നൽകാവുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**കെ.എസ്.ശോഭന**
ഗവ.ജോയിന്റ് സെക്രട്ടറി.

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4) എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
5) സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
6) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
7) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
8) ഡയറക്ടർ, കില, തൃശ്ശൂർ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

## അനുബന്ധം എ - മുൻവർഷത്തെ പദ്ധതി വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ മേഖല | പ്രോജക്ടിന്റെ ഉപമേഖല | പ്രോജക്ടിന്റെ തരം | പ്രോജക്ടിന്റെ വിഭാഗം | നിർവ്വഹണോദ്യോഗസ്ഥൻ | ആകെ ഗുണഭോക്താക്കൾ | വകയിരുത്തിയ തുക (ആകെ) | ചിലവഴിച്ച തുക (ആകെ) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

## അനുബന്ധം ബി – നടപ്പുവർഷത്തെ പദ്ധതി വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ മേഖല | പ്രോജക്ടിന്റെ ഉപമേഖല | പ്രോജക്ടിന്റെ തരം | പ്രോജക്ടിന്റെ വിഭാഗം | നിർവ്വഹണോദ്യോഗസ്ഥൻ | ആകെ ഗുണഭോക്താക്കൾ | വകയിരുത്തിയ തുക (ആകെ) | ചിലവഴിച്ച തുക (ആകെ) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

# അനുബന്ധം സി - പുതിയ പദ്ധതി നിർദ്ദേശങ്ങൾ (അയൽസഭാ തലം)

വാർഡ് നമ്പർ: ...... വാർഡിന്റെ പേര്: .........................................

അയൽസഭയുടെ പേര്: ....................................... രജി. നമ്പർ: ................

പദ്ധതി വിഷയമേഖലയുടെ പേര്:

| പദ്ധതിയുടെ പേര് | നടപ്പിലാക്കേണ്ട പ്രദേശം | ഉദ്ദേശ്യ ലക്ഷ്യങ്ങൾ | ഗുണഭോക്താക്കൾ | പദ്ധതി നടപ്പിലാക്കേണ്ട കാലയളവ് | ഉദ്ദേശ അടങ്കൽ തുക | ലഭ്യമാകാവുന്ന നേട്ടങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |

## അനുബന്ധം ഡി - പുതിയ പദ്ധതി നിർദ്ദേശങ്ങൾ (പഞ്ചായത്ത് തലം)

പദ്ധതി വിഷയമേഖലയുടെ പേര്:

| പദ്ധതിയുടെ പേര് | നടപ്പിലാക്കേണ്ട പ്രദേശം | ഉദ്ദേശ്യ ലക്ഷ്യങ്ങൾ | ഗുണഭോക്താക്കൾ | പദ്ധതി നടപ്പിലാക്കേണ്ട കാലയളവ് | ഉദ്ദേശ അടങ്കൽ തുക | ലഭ്യമാകാവുന്ന നേട്ടങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |